കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
T.C. No.27/1461, Convent Road, Kammattam Lane, Vanchiyoor, Thiruvananthapuram-35
Phone: 0471-2472253,2472254, Fax : 0471-2462252, E-mail: stateliteracymission@gmail.com


തീയതി: 05.10.2017

**പ്രസിദ്ധീകരണത്തിന്,**

# 'പച്ചമലയാളം' കോഴ്സ്: 31 വരെ രജിസ്റ്റർ ചെയ്യാം

തിരുവനന്തപുരം:തെറ്റില്ലാതെ മലയാളം വായിക്കാനും എഴുതാനും പഠിപ്പിക്കുന്ന സംസ്ഥാന സാക്ഷരതാമിഷന്റെ 'പച്ചമലയാളം' കോഴ്സിലേക്കുള്ള രജിസ്ട്രേഷൻ തീയതി നീട്ടി. ഈ മാസം (ഒക്ടോബർ) 25 വരെ ഫൈനില്ലാതെയും 100 രൂപ ഫൈനോടെ 31 വരെയും രജിസ്റ്റർ ചെയ്യാം. രജിസ്ട്രേഷൻ ഫീസ് 500 രൂപയും കോഴ്സ് ഫീസ് 2000 രൂപയുമാണ്. സംസ്ഥാനത്തെ 152 ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനങ്ങളിലെ ഹൈസ്കൂളുകളാണ് പഠനകേന്ദ്രം. നാലുമാസത്തെ കോഴ്സാണിത്.

മറ്റ് ഭാഷ മാത്രമറിയുന്നവർ, ഭരണഭാഷ മാതൃഭാഷയായതിനെ തുടർന്ന് ഓഫീസ് നിർവഹണത്തിൽ പ്രയാസം നേരിടുന്നവർ, ഭാഷാന്യൂനപക്ഷത്തിലുള്ളവർ എന്നിവരെയാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. മലയാളം കംപ്യൂട്ടിങ് വ്യാപിപ്പിക്കുക, സ്മാർട്ട് ഫോണുകളിലടക്കം മലയാളത്തിന്റെ ഉപയോഗം വർധിപ്പിക്കുക തുടങ്ങിയവയും പദ്ധതി ലക്ഷ്യമിടുന്നു. മലയാളം പഠിക്കാൻ താൽപര്യമുള്ള ഏതു പ്രായത്തിലുള്ളവർക്കും പാഠ്യപദ്ധതിയിൽ ചേരാം.

രണ്ട് പാഠ്യഭാഗങ്ങളുണ്ടാകും. ആദ്യത്തേതിൽ അക്ഷരം, ചിഹ്നം, വാക്യം, വാക്യഘടന എന്നിവ പഠിപ്പിക്കും. അടുത്തതിൽ ഭാഷാ സാഹിത്യം, കല, കേരളസംസ്കാരം, മാധ്യമ സാക്ഷരത എന്നവയായിരിക്കും വിഷയങ്ങൾ.

അപേക്ഷ,രജിസ്ട്രേഷൻ ഫോറങ്ങൾ www.literacymissionkerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വിവരങ്ങൾക്ക്: ഫോൺ: 9961477376,9447313183.

**പബ്ലിക് റിലേഷൻസ് ഓഫീസർ**